പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1246

10.08.2017-ൽ
മറുപടിക്ക്

ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ

ചോദ്യം

ഉത്തരം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഡേറ്റാ ബാങ്കിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതിനെതിരെ പരാതി നൽകുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) ഡേറ്റാ ബാങ്കിൽ തെറ്റായ വിവരം രേഖപ്പെടുത്തിയതിനെതിരെ പരാതി നൽകുന്നതിന് സ.ഉ(പി) നം.34/17 തീയതി 30.05.2017 (എസ്.ആർ.ഒ നം.301/2017) പ്രകാരം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടം ഭേദഗതി വരുത്തിയിട്ടുണ്ട്. ആയതു പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ കാരണം സങ്കടം അനുഭവിക്കുന്ന ഏതൊരാളിനും 2017-ലെ ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുന്ന തീയതി മുതൽ 90 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനർ മുമ്പാകെ പുന:പരിശോധനാ അപേക്ഷ ഫയൽ ചെയ്യാവുന്നതാണ്. |
| (ബി) പ്രാദേശിക നിരീക്ഷണ സമിതികൾക്ക് ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കാമോ; | (ബി) പ്രാദേശിക നിരീക്ഷണ കമ്മിറ്റി കൺവീനർ (കൃഷി ഓഫീസർ) ആവശ്യപ്പെടുന്ന ഉപഗ്രഹചിത്രവും അനുബന്ധ റിപ്പോർട്ടും, കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ മുഖേന മുൻഗണനാക്രമത്തിൽ കൺവീനർക്ക് ലഭ്യമാക്കി വരുന്നു. |
| (സി) ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾ ലഭ്യമാക്കുന്ന ഏജൻസിക്ക് അതിന് ഫീസ് ഈടാക്കുവാൻ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഏങ്കിൽ എത്ര രൂപയാണ് ഫീസ് എന്നറിയിക്കാമോ; | (സി) ഗവൺമെന്റ് ഉത്തരവ് ജി.ഒ(പി) നം.409/14/ഫിൻ തീയതി 23.09.2014 പ്രകാരം 01.10.2014 മുതൽ ഗവൺമെന്റ് സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗവൺമെന്റ് ഇതര, മറ്റുള്ളവർ എന്ന രീതിയിൽ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. റിപ്പോർട്ടും ഉപഗ്രഹചിത്രങ്ങളും ലഭ്യമാക്കുന്ന പ്രക്രിയയിൽ മാൻപവർ, സോഫ്റ്റ് വെയർ, പ്രോസസ്സിംഗ് അച്ചടി, തപാൽ ചെലവുകൾ ഉൾപ്പെടുന്നു. ആയതിനാൽ |

| | | |
|---|---|---|
| | | ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ നിരക്കായ ആയിരത്തി അഞ്ഞൂറ് രൂപ ഒരു എഫ്.എം.ബി സ്കെച്ചിലെ സർവ്വെ നമ്പരുകൾക്ക് ഈടാക്കി വരുന്നു. |
| (ഡി) | ദുർബല വിഭാഗങ്ങൾക്കും ബി.പി.എൽ., പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും ഫീസ് ഇളവ് അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ഡി) റിപ്പോർട്ടിനും ഉപഗ്രഹ ചിത്രത്തിനും ചെലവാകുന്ന ഏറ്റവും കുറഞ്ഞ നിരക്കാണ് ഈടാക്കുന്നത്. ആയതിനാൽ പ്രത്യേക ഇളവ് അനുവദിച്ചിട്ടില്ല. |
| (ഇ) | ഭൂമിയുടെ ഉപഗ്രഹ ചിത്രങ്ങൾക്ക് വേണ്ടി ജനങ്ങൾ നട്ടം തിരിയുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ഇ) പ്രാദേശിക നിരീക്ഷണ സമിതിയുടെ അപേക്ഷ പ്രകാരം ഉപഗ്രഹചിത്രവും അനുബന്ധ വിവരങ്ങളും നൽകി വരുന്നു. ചുരുങ്ങിയത് ഒരു സർക്കാർ ഏജൻസിയുടെ അപേക്ഷ/ നിർദ്ദേശം ആവശ്യമാണെന്ന് ഉപഗ്രഹചിത്ര വിതരണ നയം (ഐ.എസ്.ആർ.ഒ വ്യക്തമാക്കുന്നു. |
| (എഫ്) | വ്യത്യസ്ത ഏജൻസികൾക്ക് നാളിതു വരെ ലഭിച്ച അപേക്ഷകൾ എത്ര; വിശദമാക്കുമോ; | (എഫ്) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന് 10.08.2017 വരെ 1114 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അപേക്ഷയുടെ സ്ഥിതി വിവരങ്ങൾ ഏജൻസിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരുന്നു. |
| (ജി) | ഉപഗ്രഹ ഭൂപടം ഇല്ലാത്ത സ്ഥലങ്ങളിൽ പകരം സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ? | (ജി) ഉപഗ്രഹ ചിത്രങ്ങൾ ഇല്ലാത്തതല്ല എന്നാൽ ഏകീകൃത ഡേറ്റാബാങ്ക്, കഡസ്ട്രൽ മാപ്പ്, ഫീൽഡ് മെഷർമെന്റ് ബുക്ക് (എഫ്.എം.ബി) റീ സർവ്വെമാപ്പ് എന്നിവ ലഭ്യമല്ലാത്ത പ്രദേശങ്ങൾ ഉള്ളത് റിപ്പോർട്ട് രൂപീകരണം അസാദ്ധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ